# Deepika

## 12 August 2018

## Kottayam, After Flood, Central Assistance, Catholica Congress



# രാഷ്ട്രീയം മറന്ന് കേരളത്തിനു കേന്ദ്രസഹായം ഉണ്ടാകണം: കത്തോലിക്കാ കോൺഗ്രസ്

**കോട്ടയം:** പ്രകൃതിദുരന്തംമൂലം ഉണ്ടായിരിക്കുന്ന നാശനഷ്ടങ്ങൾക്കു പരിഹാരം കാണാനും കാർഷികമേഖലയെ പുനരുദ്ധരിക്കാനും കേരളത്തിനു രാഷ്ട്രീയം മറന്ന് കേന്ദ്രസർക്കാർ സഹായം ഉണ്ടാകണമെന്നു കത്തോലിക്കാ കോൺഗ്രസ് കേന്ദ്രസമിതി.

കേരളസർക്കാരിനു മാത്രം പരിഹരിക്കാവുന്നതിലുപരി കനത്ത നാശനഷ്ടമാണ് ഉണ്ടായിരിക്കുന്നത്. തുടർച്ചയായ മഴമൂലം റബറിന്റെ ഇല പൊഴിയുന്നതിനാൽ ഉത്പാദനം പകുതിയായി. തോട്ടവിളകൾ ചീഞ്ഞു. ദുരിതം അനുഭവിക്കുന്ന ജനവിഭാഗത്തിന്റെ കടങ്ങൾ എഴുതിത്തള്ളണം. പലിശരഹിത വായ്പകൾ ലഭിക്കാൻ നടപടി സ്വീകരിക്കണം-കത്തോലിക്കാ കോൺഗ്രസ് ആവശ്യപ്പെട്ടു. പ്രസിഡന്റ് ബിജു പറയന്നിലത്തിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഡയറക്ടർ ഫാ. ജിയോ കടവി, ജനറൽ സെക്രട്ടറി ടോണി പുഞ്ചക്കുന്നേൽ, പി.ജെ.പാപ്പച്ചൻ, പ്രഫ. ജോയി മുപ്രാപ്പള്ളി, ജോസ് മേനാച്ചേരി, സാജു അലക്സ്, കെ.ജെ.ആന്റണി, സെലിൻ സിജോ, പ്രഫ. ജോസുകുട്ടി ഒഴുകയിൽ, മോഹൻ ഐസക്ക്, തോമസ് പീടികയിൽ, ബെന്നി ആന്റണി, ജോർജ് കോയിക്കൽ, പ്രഫ. ജാൻസൺ ജോസഫ്, ബിജു കുണ്ടകുളം, പീറ്റർ ഞരളക്കാട്ട്, ആന്റണി എൻ. തൊമ്മാന എന്നിവർ പ്രസംഗിച്ചു.